ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രസർക്കാർ നൽകുന്ന യാത്രാ രേഖകൾ ഇല്ലാതെ പാക്കിസ്ഥാനിൽ പോകുകയും, പാക്കിസ്ഥാൻ പാസ്പോർട്ട് സമ്പാദിച്ച് ഇടക്കിടെ ഇവിടെ വന്നുപോകുകയും, പതിറ്റാണ്ടുകളോളം ഇപ്രകാരം അവിടെ താമസിക്കുകയും ചെയ്ത ശേഷം പിന്നീട് സ്ഥിരതാമസത്തിന് തിരികെ എത്തുന്നവരാണ് ഈ പാക്കിസ്ഥാൻ മലയാളികൾ. കേന്ദ്രസർക്കാരിന്റെ 1956-ലെ പൗരത്വ നിയമം, ഷെഡ്യൂൾ 3 ലെ ഖണ്ഡിക 3, 4-എ എന്നിവ പ്രകാരം ഒരു ഇന്ത്യൻ പൗരൻ കേന്ദ്രസർക്കാർ നൽകുന്ന യാത്രാ രേഖകൾ ഇല്ലാതെ രാജ്യം വിട്ടുപോകുകയും അന്യരാജ്യത്ത് 3 വർഷത്തിലധികം കാലം താമസിക്കുകയോ/ ആ രാജ്യത്തിന്റെ പാസ്പോർട്ട് സമ്പാദിക്കുകയോ ചെയ്താൽ സ്വാഭാവികമായും അയാൾക്ക് ഇന്ത്യൻ പൗരത്വം നഷ്ടപ്പെടും. ഇപ്രകാരം ഇന്ത്യൻ പൗരത്വം നഷ്ടപ്പെട്ട ഇവർക്ക് വീണ്ടും പൗരത്വം നൽകുന്നത് 1955-ലെ ഇന്ത്യൻ സിറ്റിസൺഷിപ്പ് ആക്ടിന്റേയും, 1956-ലെ ഇന്ത്യൻ സിറ്റിസൺഷിപ്പ് റൂൾസിന്റേയും, കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ ഇവയ്ക്ക് വരുത്തിയിട്ടുള്ള ഭേദഗതികളുടേയും, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മറ്റു മാർഗ്ഗനിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആണ്. മതിയായ രേഖകളോടെ ദീർഘകാല താമസത്തിനും, പിന്നീട് പൗരത്വത്തിനും ഇവർ സമർപ്പിക്കുന്ന എല്ലാ വ്യക്തിഗത അപേക്ഷകളും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനത്തിനായി അയച്ചുകൊടുത്തുവരുന്നു. ജന്മനാ ഇന്ത്യക്കാരും മലയാളികളുമായ ഇവരുടെ പ്രശ്നങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നതിനാൽ, സംസ്ഥാന മന്ത്രിസഭ രണ്ടുതവണ ഇവരുടെ പ്രശ്നങ്ങൾ പരിശോധിക്കുകയും കേന്ദ്രസർക്കാരിനോട് ഇവരുടെ കാര്യങ്ങളിൽ ഏറ്റവും ഉദാരവും മാനുഷികവുമായ സമീപനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ഒളിവിൽ കഴിയുന്ന വിദേശികൾ

71. [835] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
„ ജോർജ്ജ് ജെ. മാത്യു :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എ.കെ. മണി :
„ വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വിദേശികളുണ്ട് ;

(ബി) ഇവരിൽ വനത്തിലോ വനത്തിന് സമീപത്തോ താമസിക്കുന്നവരെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തെത്തിയ ശേഷം പാസ്പോർട്ടിന്റെ കാലാവധി തീർന്നിട്ടും പാസ്പോർട്ട് പുതുക്കാതെ ഒളിവിൽ കഴിയുന്നവർ എത്രയുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 4734 വിദേശികളുണ്ട്. ഇവരിൽ 327 പേർ കുട്ടികളാണ്.

(ബി) 19

(സി) ഇവർ വിദ്യാഭ്യാസം, തൊഴിൽ, ഗവേഷണം, ബിസിനസ്, യോഗ, കേരളീയ നൃത്തകലാ പഠനം, ആത്മീയ/ജീവകാരുണ്യ/സാമൂഹിക പ്രവർത്തനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. ബന്ധുസന്ദർശനം, വിനോദസഞ്ചാരം എന്നിവയ്ക്കായി വന്നവരും ഇതിൽ ഉൾപ്പെടുന്നു.

(ഡി) 55 പേരുണ്ട്.

ഗൾഫ് ജയിലുകളിലെ മലയാളി തടവുകാർ

72. [836] ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫുരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളി തടവുകാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര മലയാളി തടവുകാർ ഗൾഫ് ജയിലുകളിലുണ്ട് ;

(സി) ഇവരിൽ വിസയുടെ കാലാവധി കഴിഞ്ഞതിനാൽ നാട്ടിലേക്ക് വരാൻ കഴിയാത്ത എത്ര മലയാളി തടവുകാരാണുള്ളത് ;

(ഡി) ഇവരെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഏജന്റുമാരാൽ കബളിപ്പിക്കപ്പെട്ട് എത്ര മലയാളികൾ ജയിലുകളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ; അവരുടെ മോചനത്തിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജയിൽ മോചിതരാക്കുന്നവർക്ക് യാത്രാ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ജി) ജയിലിൽ കഴിയുന്നവർക്ക് നാട്ടിലുള്ള ബന്ധുക്കളുമായി ഫോൺ മുഖേന ബന്ധപ്പെടാൻ സൗകര്യമേർപ്പെടുത്തുമോ ;

(എച്ച്) ഈ പ്രശ്നങ്ങളിൽ നോർക്ക ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ഐ) മുഖ്യമന്ത്രിയോ മറ്റു മന്ത്രിമാരോ നോർക്ക ചെയർമാനോ ഗൾഫ് പര്യടനവേളയിൽ ജയിൽ സന്ദർശനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly